"ഭരണഭാഷ- മാതൃഭാഷ"

## വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്

നമ്പർ. ഇ1/104/2022/ഐ&പിആർഡി തിരുവനന്തപുരം (18-02-2025)

## ക്വട്ടേഷൻ നോട്ടീസ്

വിവര പൊതുജന സമ്പർക്ക വകുപ്പിനുകീഴിലുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉപയോഗത്തിനായി 2025 മാർച്ച് മാസത്തിൽ കേരളത്തിലുടനീളം യാത്ര ചെയ്യുന്നതിന് ഒരു 7 സീറ്റർ എ.സി കാർ നൽകുന്നതിന് താത്പര്യമുള്ള വാഹന ഉടമകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു.

1. പ്രതിദിന കുറഞ്ഞ ദൂരപരിധി ഉണ്ടായിരിക്കുന്നതല്ല.
2. പ്രതിമാസ ദൂരപരിധി 1500 കിലോമീറ്റർ ആയിരിക്കും.
3. കരാറിന്റെ അടിസ്ഥാനത്തിൽ വാടകതുക നൽകാൻ വിവര പൊതുജന സമ്പർക്കവകുപ്പ് ബാധ്യസ്ഥമായിരിക്കും.
4. കരാർ തുകയിൽ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഇൻഷ്വറൻസ്, പെട്രോൾ, ഡീസൽ, ഓയിൽ, ടോൾ, റോഡ് ടാക്സ്, ആർ.ടി.ഒ ചാർജ്ജുകൾ, മുനിസിപ്പൽ ടാക്സ്, വർക്ക് കോൺട്രാക്ട് ടാക്സ്, ലൈസൻസ് ഫീസ്, രജിസ്ട്രേഷൻ ചാർജ് തുടങ്ങിയവ ഉൾപ്പെടുന്നു (ജി.എസ്.ടി ഒഴികെ).
5. കരാർ പ്രകാരം നിശ്ചയിച്ച നിരക്ക് കരാർ കാലയളവിൽ പുതുക്കുകയില്ല.
6. വാഹനം വൃത്തിയായും ഗതാഗതയോഗ്യമായും പരിപാലിക്കേണ്ടത് വാഹനദാതാവിന്റെ കടമയാണ്.
7. വാഹനദാതാവ് നൽകുന്ന വാഹനം തൃപ്തികരമല്ലെങ്കിൽ പകരം വാഹനം നൽകേണ്ടതാണ്. ഇത്തരത്തിൽ വാഹനം മാറ്റി നൽകുന്നില്ലായെങ്കിൽ മറ്റൊരു വാഹനം വാടകയ്ക്ക് എടുക്കാൻ വകുപ്പിന് അധികാരം ഉണ്ടായിരിക്കും. ഈ സാഹചര്യത്തിൽ ഉണ്ടാകുന്ന അധികചെലവ് വാഹനദാതാവ് വഹിക്കേണ്ടതാണ്.
8. വകുപ്പിലെ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ യഥാസമയം വാഹനം ലഭ്യമാക്കേണ്ടതാണ്.
9. വാഹനദാതാവിനെ 24 മണിക്കൂറും ഫോൺ മുഖേന ബന്ധപ്പെടാനുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.
10. വാഹനത്തിൽ മതിയായ ഇന്ധനം കരുതേണ്ടതാണ്.
11. ഔദ്യോഗികയാത്രയ്ക്കിടെ വാഹനത്തിന് കേടുപാടുകൾ സംഭവിച്ചാൽ വാഹന ദാതാവ് മറ്റൊരു വാഹനം നൽകേണ്ടതാണ്. ഇത് യഥാസമയം ലഭ്യമാകുന്നില്ലായെങ്കിൽ വകുപ്പിന് മറ്റൊരു വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. ഇതിന് വരുന്ന അധിക ചെലവ് വാഹനദാതാവ് നൽകേണ്ടതാണ്.
12. വാഹനകരാർ മറ്റൊരാൾക്ക് ഉപകരാറായി നൽകുകയോ കൈമാറുകയോ ചെയ്യാൻ

പാട്ടുള്ളതല്ല.

13. വാഹനം നൽകുന്നതിൽ വീഴ്ച്ച വരുത്തിയാൽ നോട്ടീസ് കൂടാതെ തന്നെ നഷ്ടപരിഹാരം ഈടാക്കുന്നതാണ്.

14. പ്രതിമാസ നിരക്കിലായിരിക്കും തുക അനുവദിക്കുന്നത്.

15. അപകടം സംഭവിക്കുകയാണെങ്കിൽ അതുമൂലം സംഭവിക്കുന്ന എല്ലാ ബാധ്യതകളും വാഹനദാതാവ് വഹിക്കേണ്ടതാണ്.

16. കരാർ സംബന്ധിച്ച എല്ലാ തർക്കത്തിലും വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ തീരുമാനം അന്തിമമായിരിക്കും.

ക്വട്ടേഷനുകൾ 2025 ഫെബ്രുവരി 27നു ഉച്ചയ്ക്ക് 3 മണിയ്ക്ക് മുൻപായി ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ് തിരുവനന്തപുരം -695 001 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ